**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടാഴി - വടക്കേക്കര ഗ്രാമ പഞ്ചായത്ത് - കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി സ്ഥലം വാങ്ങുന്നതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **2218**/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 14.08.2012.

---

പരാമർശം:-

1. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ എ3-2040/12 തീയതി: 25.07.12 നമ്പർ കത്ത്.
2. പട്ടാഴി - വടക്കേക്കര ഗ്രാമ പഞ്ചായത്തിന്റെ 20.07.12-ലെ മീറ്റിംഗിലെ 9-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

പത്തനാപുരം നിയോജക മണ്ഡലത്തിലെ പട്ടാഴി - വടക്കേക്കര ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്ക് വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനു വേണ്ടി സ്ഥലം വാങ്ങുന്നതിന് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും തുകചെലവഴിക്കുന്നതിന് ആവശ്യമായ അനുവാദം നൽകണമെന്ന് പരാമർശങ്ങൾ പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടാഴി - വടക്കേക്കര ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്ക് വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിന് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും **85,000/- (എൺപത്തി അയ്യായിരം രൂപ മാത്രം)** ചെലവ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.വേണുഗോപാലൻ നായർ,
അണ്ടർ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

സെക്രട്ടറി, പട്ടാഴി - വടക്കേക്കര ഗ്രാമ പഞ്ചായത്ത്, കൊല്ലം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കൊല്ലം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. **(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)**
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.